# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1301

3.12.2015 - ൽ മറുപടിയ്ക്ക്

## കയർ ഉത്പ്പന്നങ്ങളുടെ ആഭ്യന്തര വിപണി

| ചോദ്യം<br>ശ്രീ.പി.തിലോത്തമൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
|---|---|
| എ) കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുവാനും ആഭ്യന്തര വിപണി വിപുലപ്പെടുത്തുവാനും കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) കയറുല്പന്നങ്ങളുടെ ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഇന്ത്യയിൽ ഏജൻസി ഷോറുമുകൾ ഉൾപ്പെടെ ഷോറൂം വിൽപ്പനശാലകൾ ആരംഭിക്കുന്നതിനും നിലവിലുള്ള ഷോറൂമുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. 'കയർ കേരള' പോലുള്ള എക്സിബിഷനുകൾ സംഘടിപ്പിച്ചും പങ്കെടുത്തും, 'ഒരു വീട്ടിൽ ഒരു കയറുല്പന്നം' പോലുള്ള പരസ്യ ങ്ങൾ നൽകിയും വൈവിധ്യ വൽക്കരണത്തിലൂടെ പുതിയ ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ചും ആഭ്യന്തര വിപണനം ശക്തമാക്കുകയാണ്. കയറുൽപ്പന്നങ്ങളുടെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുവാനും ആഭ്യന്തര വിപണി വിപുലപ്പെടുത്താനുമായി കേരളത്തിനുള്ളിലും മറ്റു സംസ്ഥാനങ്ങളിലും പരമാവധി ഡീലർഷിപ്പ് ഷോറുമുകൾ, നേരിട്ടുള്ള വിപണന കേന്ദ്രങ്ങൾ, ക്യാൻവാസിങ് ഏജൻസികൾ, സി & എഫ് ഏജൻസികൾ എന്നിവ പുതുതായി കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങളും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ നടത്തിവരുന്നു. കയർഫെഡ്, ഫോം മാറ്റിംഗ് (ഇന്ത്യ) ലിമിറ്റഡ് എന്നിവയും ഇത്തരത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ആഭ്യന്തര വിപണനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് പ്രകൃതിദത്ത നാരുകളായ കയർ, ചണം, സൈസൽ തുടങ്ങിയവയിൽ നിന്ന് ഫ്ളോർ മാറ്റുകൾ, |

| | |
|---|---|
| | മാറ്റിംഗുകൾ, റഗ്ഗുകൾ, കാർപറ്റുകൾ, കയർ ടൈലുകൾ തുടങ്ങിയവ നിർമ്മിച്ച് വിതരണം നടത്തുകയും ജൈവവളം,ചെരുപ്പ്, കയർ മെത്തകൾ തുടങ്ങിയ വിവിധ ഉൽപ്പന്നങ്ങൾ വികസിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള കർമ്മ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു വരുന്നു. കൂടാതെ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് ഗ്രാമീണ തൊഴിൽ പദ്ധതിയുടെ ഭാഗമായി കയർ ഭൂവസ്ത്രം ഉപയോഗിച്ച് കനാലുകൾ, തോടുകൾ എന്നിവ ബലപ്പെടുത്തുന്ന നിരവധി പ്രൊജക്ടുകളും ചെയ്യുന്നു ണ്ട്. ഓണം, ക്രിസ്തുമസ്, ദീപാവലി, മറ്റു പ്രാദേശിക ഉത്സവങ്ങൾ തുടങ്ങിയ ആഘോഷ അവസരങ്ങളിൽ താല്ക്കാലിക പ്രദർശന വിപണന കേന്ദ്രങ്ങൾ സംഘടിപ്പിച്ച് വില്പന നടത്തിവരുന്നു. കയർ പൊതു മേഖലാ സ്ഥാപനങ്ങളുടെയും കയർ സഹകരണ സംഘങ്ങളുടെയും ആഭ്യന്തര വിദേശ വിപണനം വർദ്ധിപ്പിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിന് വേണ്ടി എൻ.സി.ആർ.എം.ഐ യിൽ ഒരു Marketing Research Division ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടു ണ്ട്. |
| ബി) കയറുല്പന്നങ്ങളുടെ ആഭ്യന്തര വിപണി വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ 'ഒരു വീട്ടിൽ ഒരു കയറുല്പന്നം' എന്ന പദ്ധതി നടപ്പിലാക്കുന്നു ണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ 'ഒരു വീട്ടിൽ ഒരു കയറുല്പന്നം' എന്ന പദ്ധതി ഇപ്പോഴും തുടരുന്നു. |
| സി) സർക്കാർ ഓഫീസുകളിൽ പ്ലാസ്റ്റിക്, പരിസ്ഥിതി സൌഹൃദമല്ലാത്ത വസ്തുക്കളുപയോഗിച്ചുള്ള ഉല്പന്നങ്ങൾ എന്നിവ നിരോധിച്ച് കയർ ഉല്പന്നങ്ങൾ മാത്രം ഉപയോഗിക്കാൻ ആവശ്യപ്പെടുമോ; തദ്വാരാ, ആഭ്യന്തര വില്പന വർദ്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ; | സി) പരിശോധിക്കാവുന്നതാണ്. സർക്കാർ ഓഫീസുകളിൽ കയർ ഉൽപ്പന്നങ്ങൾ മാത്രം ഉപയോഗിക്കാൻ ആവശ്യപ്പെടുന്നത് സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ